# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.661** | **11/06/2014-ൽ മറുപടിക്ക്**

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങിയ മരുന്ന്

**ചോദ്യം** | **മറുപടി**

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി എത്ര തുകയ്ക്ക് മരുന്ന് വാങ്ങി ; വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ; | (എ) | 2011-12 ൽ 177.37 കോടി രൂപയുടെ മരുന്നുകളും, 2012-13 ൽ 310.55 കോടി രൂപയുടെ മരുന്നുകളും, 2013-14 ൽ 280.11 കോടി രൂപയുടെയും മരുന്നുകളും കോർപ്പറേഷൻ വാങ്ങിയിട്ടുണ്ട്. |
| (ബി) | മരുന്ന് വാങ്ങുന്നതിന് സ്വീകരിച്ച് വരുന്ന നടപടിക്രമങ്ങൾ വിശദീകരിക്കുമോ ; | (ബി) | സംസ്ഥാന ആരോഗ്യ വകുപ്പും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നൽകുന്ന വാർഷിക ഇൻഡന്റ് അനുസരിച്ചുള്ള മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേനയാണ് സംഭരിച്ച് സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ വഴി വിതരണം ചെയ്യുന്നത്. ദേശീയ തലത്തിൽ ക്ഷണിക്കുന്ന സുതാര്യമായ മത്സര ഇ-ടെണ്ടറുകളിലൂടെയാണ് ഈ മരുന്നുകൾ സംഭരിക്കുന്നത്. 2 ബിഡ് സിസ്റ്റം (ടെക്ക്നിക്കൽ ബിഡ്, പ്രൈസ് ബിഡ്) എന്ന രീതിയാണ് കോർപ്പറേഷൻ ടെണ്ടറിൽ സ്വീകരിച്ചിരിക്കുന്നത്. ടെക്ക്നിക്കൽ ബിഡ് പ്രകാരം വിതരണക്കാരന് നിശ്ചിത വിറ്റുവരവുള്ളതും ഡ്രഗ്ഗ്സ് & കോസ്മെറ്റിക്സ് ആക്ട്, റൂൾസ് പാലിക്കുന്നവരും, കരിമ്പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തവരും, നിശ്ചിത വർഷം വിപണിയിൽ പ്രസ്തുത മരുന്ന് വിറ്റഴിച്ചിരുന്നതും, നിലവിൽ സാധുവായ ജി.എം.പി. സർട്ടിഫിറ്റ് ഉള്ള കമ്പനികളും ആയിരിക്കണം. ടെക്ക്നിക്കൽ ബിഡിൽ യോഗ്യത നേടുന്ന വിതരണക്കാരുടെ ഫാക്ടറി പരിശോധന (3 വർഷത്തിലൊരിക്കൽ) നടത്തുകയും. അതിൽ യോഗ്യത നേടുന്നവരുടെ പ്രൈസ് ബിഡ് മാത്രമേ തുറന്നു പരിശോധന നടത്തുകയുള്ളൂ. എന്നാൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി.യിൽ നിന്നും ടെണ്ടർ നടപടി കൂടാതെ മരുന്നുകൾ വാങ്ങി വരുന്നു. |
| (സി) | നടപടി ക്രമങ്ങൾക്ക് വിരുദ്ധമായി മരുന്ന് വാങ്ങിയിട്ടുണ്ടോ ; അപ്രകാരം മരുന്ന് വാങ്ങുവാനുണ്ടായ സാഹചര്യം വിശദീകരിക്കുമോ ; | (സി) | സർക്കാർ അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ടെൻഡർ മുഖാന്തിരമാണ് കോർപ്പറേഷൻ മരുന്നുകൾ സംഭരിച്ചു വിതരണം ചെയ്തു വരുന്നത്. മേൽ നടപടിക്രമങ്ങൾക്കു വിരുദ്ധമായി മരുന്നുകളൊന്നും തന്നെ വാങ്ങിയിട്ടില്ല. എന്നാൽ ചില അവശ്യ മരുന്നുകൾക്ക് വിതരണക്കാരെ ലഭിക്കാതെ വരുമ്പോൾ, അടിയന്തിര സന്ദർഭങ്ങളിൽ കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നോ, മുൻ വർഷത്തെ വിതരണക്കാരിൽ നിന്നോ ഡയറക്ടർ ബോർഡിന്റെ അനുമതിയോടെ വാങ്ങി നൽകാറുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വാങ്ങിയ മരുന്നുകൾ ഉപയോഗശൂന്യമായി നശിച്ചു പോയി എന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; വീഴ്ച വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ ; | (ഡി) | നിയമാനുസൃതമായ സർക്കാർ ഉത്തരവോടെ ചില ഉപയോഗശൂന്യമായ മരുന്നുകൾ നശിപ്പിക്കപ്പെട്ടിട്ടുണ്ട്. 2007-ൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപീകൃതമായപ്പോൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ജില്ലാ മെഡിക്കൽ സ്റ്റോറുകളാണ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മരുന്ന് സംഭരണത്തിനായി ലഭിച്ചത്. വിട്ടുകിട്ടുമ്പോൾ മുൻപ് ഉണ്ടായിരുന്ന സെൻട്രൽ പർച്ചേസിംഗ് കമ്മിറ്റി വാങ്ങിയ മരുന്നുകൾ ഉപയോഗശൂന്യമായി കിടപ്പുണ്ടായിരുന്നു. ഇത് പല വെയർഹൗസുകളുടെയും ഏകദേശം 10 മുതൽ 50% ത്തോളം സ്ഥലം അപഹരിച്ചിരുന്നു. കോർപ്പറേഷൻ രൂപീകൃതമായശേഷം കരിമ്പട്ടികയിൽ ഉൾപ്പെട്ട മരുന്നുകളും വെയർഹൗസുകളിൽ സൂക്ഷിക്കുന്നുണ്ടായിരുന്നു.<br>ആരോഗ്യവകുപ്പും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നൽകുന്ന ഇന്റന്റ് പ്രകാരമുള്ള മരുന്നുകളാണ് കോർപ്പറേഷൻ സംഭരിക്കുന്നതെങ്കിലും ചില അവസരങ്ങളിൽ നിശ്ചിത കാലയളവിനുള്ളിൽ ഉപയോഗിക്കാത്ത കാരണത്താ ലും, ചില ഇനം മരുന്നുകൾ തുടർന്ന് ഉപയോഗിക്കാത്ത സാഹചര്യങ്ങൾ വരുമ്പോഴും ഉപയോഗശൂന്യമായി തീരുന്നുണ്ട്. അത്തരം മരുന്നുകൾ ഉപയോഗയോഗ്യമല്ലാത്തതാണോ / നശിപ്പിക്കാവുന്നതാണോ എന്ന് ഉറപ്പുവരുത്തി നശിപ്പിക്കാറു ണ്ട്. സ്ഥലപരിമിതി സംബന്ധിച്ചുള്ള പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും അതനുസരിച്ച് 2010-ലെ G.O. (Rt) No.4501/2010/H&FWD dtd : 18.11.2010 ഉത്തരവ് പ്രകാരം മേൽപറഞ്ഞതരത്തിലുള്ള മരുന്നുകൾ നിയമാനുസൃതമായി നശിപ്പിച്ചുകളയാൻ അതാത് ജില്ലകളിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ അംഗമായും ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ഇവർ നൽകിയ നശിപ്പിച്ചുകളയേണ്ട മരുന്നുകളുടെ അളവും തുകയും അടങ്ങിയ റിപ്പോർട്ട് സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുകയും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ വെയർഹൗസുകൾ പരിശോധിച്ചതിനുശേഷം ധനകാര്യം-ആരോഗ്യം-സ്റ്റോർ പർച്ചേയ്സ് എന്നീ വകുപ്പുകളുടെ ഉദ്യോഗസ്ഥരുടെ സംയുക്ത യോഗത്തിനുശേഷം ഇവ നശിപ്പിക്കാനായി 16.06.2012 - ൽ G.O. (Rt) No.1990/ 2012/H&FWD നം. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവ് പ്രകാരം ഗുണനിലവാരമില്ലാത്ത മരുന്നുകൾ ഇന്ത്യൻ മെഡിക്കൽ അസോസ്സിയേഷന്റെ കീഴിലുള്ള 'ഇമേജ്' (IMAGE) മുഖാന്തിരം നശിപ്പിക്കുന്നതിന് അനുമതി നൽകി. |
| (ഇ) | എത്ര കോടി രൂപയുടെ മരുന്നാണ് നശിച്ചു പോയതെന്ന് വ്യക്തമാക്കുമോ ? | (ഇ) | കോർപ്പറേഷൻ നിലവിൽ വരുന്നതിനു മുൻപുണ്ടായിരുന്ന സെൻട്രൽ പർച്ചേസിംഗ് കമ്മിറ്റി വാങ്ങിയ മരുന്നുകളിൽ ഉപയോഗശൂന്യമായ മരുന്നുകളും, 2008-11 കാലയളവിൽ കോർപ്പറേഷൻ സംഭരിച്ച 499.87 കോടിയുടെ മരുന്നുകളിൽ നിശ്ചിത ഗുണനിലവാരമില്ലാത്ത മരുന്നുകളുടെയും, കരിമ്പട്ടികയിൽ ഉൾപ്പെട്ട മരുന്നുകളുടെയും തുക ബന്ധപ്പെട്ട വിതരണക്കാരിൽ നിന്നും ഈടാക്കിയ ശേഷം കാലാവധി കഴിഞ്ഞ് നശിപ്പിക്കപ്പെട്ടിട്ടുള്ളത് 4.99 ലക്ഷം രൂപയുടെ മരുന്നുകളാണ്. ഈ തുക ആകെ വാങ്ങിയ മരുന്നിന്റെ 0.001% ആണ്. |

സെക്ഷൻ ഓഫീസർ